"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - മുൻ സെക്രട്ടറിമാരായ ശ്രീ. എ.കെ വിശ്വനാഥൻ. മുൻ സെക്രട്ടറി ശ്രീ. രഘുനാഥൻ പി.കെ, മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി ഗിരിജ കെ. മുൻ ഹെഡ് ക്ലാർക്ക് ശ്രീ അബ്ദുൾസലാം പി.ടി. എന്നിവർക്കെതിരായ അച്ചടക്കനടപടി - ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് ജില്ല തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. പി.ടി. പ്രസാദ്-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2396/2025/LSGD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 04/07/2019 ലെ PAN/27708/2018-D1(DP) നമ്പർ കത്ത്.
2. സർക്കാരിന്റെ 08/07/2022 ലെ ഇപിബി3/378/2019/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. എ.കെ. വിശ്വനാഥൻ 05/09/2022 ന് സമർപ്പിച്ച മറുപടി.
4. ശ്രീ. രഘുനാഥൻ പി.കെ 12/09/2022 ന് സമർപ്പിച്ച മറുപടി.
5. ശ്രീമതി. കെ. ഗിരിജ 05/09/2022 ന് സമർപ്പിച്ച മറുപടി.
6. ശ്രീ. അബ്ദുൽ സലാം പി.ടി. 11/09/2022 ന് സമർപ്പിച്ച മറുപടി.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06/08/2025 ലെ LSGD/PD/54391/2023-VIGD6 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ 5 വർഷക്കാലം അക്കൗണ്ടന്റായി ജോലി ചെയ്തിരുന്ന മരണപ്പെട്ട ദീപുരാജ് റിവർ മാനേജ്മന്റ് ഫണ്ടിലേക്കും, ജിയോളജി വകുപ്പിലേക്കും, IAY വിഹിതം ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലേക്ക് അടവാക്കേണ്ടിയിരുന്നതുമായ ലക്ഷകണക്കിന് രൂപ മോഷ്ടിക്കുകയും, അതുപയോഗിച്ച് വിലകൂടിയ സ്വത്തുക്കൾ വാങ്ങി കൂട്ടുകയും, വിവിധ പാർട്ടികൾ നടത്തി പണം ധൂർത്തടിച്ചുവെന്നും, മാസങ്ങൾ പിന്നിട്ടിട്ടും ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര തുകയാണ് മോഷിടിക്കപെട്ടതെന്ന കാര്യം പോലും വസ്തുനിഷ്ഠമായി അന്വേഷിക്കുവാനോ,

ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ മോഷണ വിവരം റിപ്പോർട്ട് ചെയ്യുവാനോ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി തയ്യാറായിട്ടില്ലെന്നും, ഇത്രയും വലിയ ഒരു മോഷണത്തിന്റെ കുറ്റവാളികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.പി.സി. അനിൽകുമാർ, സമർപ്പിച്ച പരാതിയിൽ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വിശദമായ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മരണപ്പെട്ട ദീപുരാജിന്റെ കാലയളവിൽ മണൽ റോയൽറ്റി ഫണ്ട് അടവാക്കിയ തുകയുടെ രസീത് ലഭ്യമാക്കാത്തതായ 405213/- രൂപ, ആദായ നികുതി അടവാക്കിയ രസീത് ലഭ്യമാക്കാത്തതായ 69486/- രൂപ, ലൈബ്രറി സെസ്സ് അടവാക്കിയ രസീത് ലഭ്യമാക്കാത്തതായ 13868/- രൂപ എന്നിങ്ങനെ ആകെ 488567/- രൂപ (നാലു ലക്ഷത്തി എൺപത്തിഎണ്ണായിരത്തി അഞ്ഞൂറ്റി അറുപത്തിയേഴ് രൂപാ മാത്രം) എന്നിവ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച ശേഷം അതാത് ഹെഡ് ഓഫ് അക്കൗണ്ടുകളിൽ അടവാക്കിയിട്ടുണ്ടോ എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആയത് സർക്കാർ നഷ്ടമായി നിലനില്ക്കുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2. അക്കൗണ്ടന്റായിരുന്ന ദീപുരാജിന്റെ എല്ലാ പെൻഷൻ ആനുകൂല്യങ്ങളും ടിയാന്റെ അനന്തരാവകാശികൾക്ക് അനുവദിച്ച് നല്കിയിട്ടുള്ളതായും പ്രസ്തുത കാലയളവിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. എ.കെ. വിശ്വനാഥൻ, ശ്രീ. രാഘുനാഥൻ പി.കെ, ഹെഡ് ക്ലാർക്കുമാരായിരുന്ന ശ്രീമതികെ.ഗിരിജ, ശ്രീ. അബ്ദുൽ സലാം പി.ടി. എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചുവെന്നും ടി ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായും അനുവദിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ എ.കെ. വിശ്വനാഥൻ, ശ്രീ.പി.കെ. രഘുനാഥൻ, ശ്രീമതി ഗിരിജ കെ. മുൻ ഹെഡ്ക്ലർക്ക്, ശ്രീ.അബ്ദുൽ സലാം മുൻ ഹെഡ് ക്ലർക്ക് എന്നിവരുടെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപവും അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും ഉണ്ടായിട്ടുള്ളതായി നിരീക്ഷിച്ച് KSR പാർട്ട് III റൂൾ 59 (d) പ്രകാരം ടിയാളുകളുടെ പ്രതിമാസ പെൻഷനിൽ നിന്നും 250/- രൂപ വീതം ആജീവനാന്തം കുറവ് വരുത്തുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

3. കാരണം കാണിക്കൽ നോട്ടീസുകൾക്ക് പരാമർശം (3), (4), (5), (6) പ്രകാരം ടിയാളുകൾ എതിർവാദ പത്രികകളും സമർപ്പിക്കുകയും, ആയതിന്മേൽ പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായ റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി.

4. ടിയാളുകളുടെ വിശദീകരണവും ആയതിന്മേലുള്ള ജോയിന്റ് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസ് ഉത്തരവ് പ്രകാരം അക്കൗണ്ടന്റ് ഒഴികെയുള്ള ജീവനക്കാരുടെ മേൽനോട്ട ചുമതലയാണ് ഹെഡ് ക്ലാർക്കിന് നല്കിയിട്ടുള്ളതെന്നും അക്കൗണ്ടന്റിനെ ഏൽപ്പിച്ച ചുമതലകളിൽ വീഴ്ച വരുത്തുന്നത് കൊണ്ടുള്ള നഷ്ടങ്ങൾക്ക് അക്കൗണ്ടന്റ് വ്യക്തിപരമായി ഉത്തരവാദിയായിരിക്കും എന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നതും ബാധ്യതകൾക്ക് അക്കൗണ്ടന്റ് വ്യക്തിപരമായി ഉത്തരവാദിയാണെന്നും എന്നാൽ ഓഫീസിലെ എല്ലാ ജീവനക്കാരുടെയും പ്രവർത്തനം

മേൽനോട്ടം നടത്തേണ്ട ഉത്തരവാദിത്വം സെക്രട്ടറിമാർക്കുള്ളതിനാൽ മേൽനോട്ട ചുമതലയിൽ വലിയ വീഴ്ച സെക്രട്ടറിമാർക്ക് സംഭവിച്ചിട്ടുണ്ടെന്നും എന്നാൽ ഹെഡ് ക്ലാർക്കിന് അക്കൗണ്ടന്റിന്റെ മേൽനോട്ട ചുതമല ഇല്ലാത്തിന്റെ അടിസ്ഥാനത്തിലും അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവ സമാന തസ്തികകളും പരസ്പരം ട്രാൻസ്ഫർ ചെയ്യപ്പെടാവുന്ന തസ്തികകളുമാണെന്നതിനാലും ഹെഡ് ക്ലാർക്കുമാരുടെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. എ.കെ വിശ്വനാഥൻ, ശ്രീ. രഘുനാഥൻ പി.കെ, മുൻ ഹെഡ് ക്ലാർക്കുമാരായ ശ്രീമതി ഗിരിജ, ശ്രീ അബ്ദുൾസലാം പി.ടി. എന്നിവർക്കെതിരായ അച്ചടക്കനടപടി KSR Part III Rule 59(d) പ്രാകരമാണ് ആരംഭിച്ചിട്ടുള്ളത് എന്നതിനാൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ. പി.ടി. പ്രസാദ്-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. പി.ടി. പ്രസാദ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.*(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം അന്വേഷണത്തിനായി)*.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. ബന്ധപ്പെട്ട മുൻ ജീവനക്കാർ, കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന)*.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/378/2019/തസ്വഭവ നമ്പർ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 03-10-2025 13:17:37
സെക്ഷൻ ഓഫീസർ